പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5192 05.07.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യിലെ ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>" കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>" എസ്.രാജേന്ദ്രൻ<br>" കെ.കെ.ജയചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുകാരണം കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉയർന്ന തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ ഇത് കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കാത്ത വിധം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ഏതെല്ലാം ഉയർന്ന തസ്തികയിലേയ്ക്കാണ് നിയമനം നടത്തേണ്ടതെന്നും ഓരോ തസ്തികയിലേയ്ക്കുമുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ: | (ബി) | കെ.എസ്.ആർ.ടി.സി. യിൽ ഒഴിവുള്ള എക്സിക്യൂട്ടീവ് തസ്തികകളും, പ്രസ്തുത തസ്തികകളിലേക്ക് നിയമനത്തിന് ആവശ്യമായ യോഗ്യതകളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | യോഗ്യതയിൽ ഇളവുവരുത്തി പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (സി) | ഉദ്ദേശിക്കുന്നില്ല.<br>എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളിൽ നിയമിതരാകുന്നവർ ബന്ധപ്പെട്ട വിഭാഗത്തിലെ പ്രവർത്തി പരിചയത്തോടൊപ്പം സാങ്കേതിക ജ്ഞാനവും പ്രൊഫഷണൽ മികവും നേടിയവരായിരിക്കണം. കോർപ്പറേഷനിലെ ദൈനംദിന കാര്യങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുവാനും നയപരമായ തീരുമാനങ്ങൾ പ്രാവർത്തികമാക്കാനും മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാനും എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർമാർക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും പ്രൊഫഷണൽ മികവും അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ ഇളവ് വരുത്തി പ്രസ്തുത തസ്തികകളിൽ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേയ്ക്ക് യോഗ്യതയുള്ളവരിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | കോർപ്പറേഷനിൽ നിലവിൽ ഒഴിവുള്ള എക്സിക്യൂട്ടീവ് ഡയറക്ടർ (Maintenance & Works) തസ്തികയിലേക്ക് നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും തെരഞ്ഞെടുപ്പ് നടത്താനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ തെരഞ്ഞെടുപ്പിനെതിരെ സമർപ്പിച്ച WP(C) No. 10700/2012 -ലെ താൽക്കാലിക വിധിയിൽ തെരഞ്ഞെടുപ്പ് നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. കോർപ്പറേഷൻ സ്റ്റേ ഒഴിവാക്കി നിയമന നടപടികൾ പുനഃരാരംഭിക്കാൻ നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | Post | Qualifications | Selected from | Experience |
|---|---|---|---|---|
| 1 | Executive Director [Maintenance & Works] | B.Tech. in Mechanical / Automobile Engineering. | Mechanical Engineer / Works Manager. | Three (3) years experience in a managerial position. |
| 2 | Executive Director [Administration] | A regular MBA with specialization in Human Resources from a reputed institution. | Chief Personnel Manager / Dy. Chief Accounts Officer. | Three (3) years experience in a managerial position. |
| 3 | Executive Director [Operations] | A regular MBA from a reputed institution. | Chief Traffic Manager / Chief Traffic Officer. | Three (3) years experience in a managerial position. |
| 4 | Executive Director [Vigilance] | A regular MBA from a reputed institution with desirable qualifications of LLB. | Among the 4th & 3rd scale of officers in KSRTC. | Three (3) experience in a managerial position. |

സെക്ഷൻ ഓഫീസർ